മൂവാറ്റുപുഴ ആർ.ഡി.ഒ. ബന്ധപ്പെട്ടവരുമായി വീണ്ടും ഒരു ചർച്ച നടത്തുന്നതാണ്.

(26) അപ്പോളോ ടയേഴ്സിന്റെ പേരാമ്പ്ര യൂണിറ്റിലെ ലോക്കൗട്ട്

ശ്രീ. കെ.പി. വിശ്വനാഥൻ : സർ, അപ്പോളോ ടയേഴ്സിന്റെ പേരാമ്പ്ര യൂണിറ്റ് 11.7.1999 മുതൽ മാനേജുമെന്റ് അന്യായമായി ലോക്കൗട്ട് ചെയ്തിരിക്കുകയാണ്. 1997 നവംബർ 16-ന് ദീർഘകാല കരാറിന്റെ കാലാവധി അവസാനിച്ചുകഴിഞ്ഞു. തുടർന്ന് ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയായിരുന്നു. ജൂലായ് 11,12 തീയതികളിൽ ചർച്ച പൂർത്തീകരിക്കാമെന്ന് മാനേജുമെന്റ് സമ്മതിച്ചിരിക്കുന്നതിനിടയിലാണ് 11-ാം തീയതി യാതൊരു മുന്നറിയിപ്പുംകൂടാതെ മാനേജുമെന്റ് കമ്പനി ലോക്കൗട്ട് ചെയ്തത്. 1600-ൽ അധികം തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനം അന്യായമായി ലോക്കൗട്ട് ചെയ്ത് പിൻവലിക്കാത്തതുകാരണം തൊഴിലാളികളും അവരുടെ കുടുംബങ്ങളും വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. അതുകൊണ്ട് എത്രയുംവേഗം ലോക്കൗട്ട് പിൻവലിക്കുന്നതിന് ഗവൺമെന്റ് മുൻകൈയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, അപ്പോളോ ടയേഴ്സ് 11.7.1999-ലാണ് ലോക്കൗട്ട് ചെയ്തത്. തൊഴിലാളികൾ അച്ചടക്കലംഘനം നടത്തിയതാണ് ലോക്കൗട്ട് ചെയ്യാനുള്ള കാരണമായി പറയുന്നത്. പേരാമ്പ്രയിൽ പ്രവർത്തിക്കുന്ന അപ്പോളോ ടയേഴ്സിന്റെ ദീർഘകാല കരാർ 1997 നവംബർ 17-ാം തീയതി അവസാനിച്ചതിനെത്തുടർന്ന് ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിനിടയിലാണ് അച്ചടക്കലംഘന ആരോപണം വന്നത്. 19.7.1999-ൽ ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ ചർച്ചയ്ക്ക് വിളിച്ചു. പ്രസ്തുത ചർച്ചാവേളയിൽ പ്രശ്നം പരിഹരിക്കാൻ കഴിയാത്തതിനെത്തുടർന്ന് ചർച്ച അടുത്ത ദിവസവും തുടരുകയും കരാറുകാരുടെ ദീർഘകാലമായിട്ടുള്ള തർക്കങ്ങൾ സംബന്ധിച്ച് ഒരു ധാരണയിലെത്തുകയും ചെയ്തു. ഇനി അവശേഷിക്കുന്ന പ്രശ്നം 1998-99-ലെ ബോണസ് തർക്കം മാത്രമാണ്. ഈ സാഹചര്യത്തിൽ 26.7.1999-ന് എറണാകുളത്തുവച്ച് അടിയന്തിരമായി ചർച്ചനടത്തുന്നുണ്ട്. പ്രസ്തുത ചർച്ചയിൽ തർക്കം പരിഹരിക്കപ്പെടുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

(27) ഒ.ഇ.സി.എഫ്.ന്റെ സഹായത്തോടെയുള്ള ശുദ്ധജല വിതരണപദ്ധതികൾ

ശ്രീ. എം. ദാസൻ : സർ, ഒ.ഇ.സി.എഫ്-ന്റെ സഹായത്തോടുകൂടി സംസ്ഥാനത്ത് നടപ്പിലാക്കുന്ന തിരുവനന്തപുരം, മീനാട്, ചേർത്തല, പട്ടുവം, കോഴിക്കോട് എന്നീ അഞ്ച് ശുദ്ധജലവിതരണ പദ്ധതികളുടെ പ്രവർത്തനങ്ങൾ വളരെ വേഗതയിൽ മുന്നോട്ടുകൊണ്ടുപോകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ പദ്ധതികൾ 2003-ൽ കമ്മീഷൻ ചെയ്യണമെന്നായിരുന്നു തീരുമാനിച്ചിരുന്നത്. 1787.45 കോടി രൂപയുടെ ഒ.ഇ.സി.എഫ്-ന്റെ സഹായത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കോഴിക്കോട് നഗരത്തിലും പരിസര പ്രദേശത്തുമുള്ള 15 പഞ്ചായത്തുകളിലുമായി 430.59 കോടി രൂപ ചെലവഴിച്ച് ഒരു ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നേരത്തേ അവിടെ

LIBRARY ARCHIVES Kerala Legislative Assembly